പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

04.06.2018-ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 112

## കള്ള വാഹനങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി.കെ.ശശി | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് നിലവിൽ നിരത്തിലോടുന്ന വാഹനങ്ങളുടെ കണക്ക് എത്ര എന്നതിന്റെ വിശദാംശം ആഭ്യന്തര വകുപ്പിൽ ഉണ്ടോ; വ്യക്തമാക്കാമോ; | (എ) | ഇല്ല. എന്നാൽ ട്രാൻസ്പോർട്ട് കമ്മീഷണറുടെ കണക്കനുസരിച്ച് 2018 മാർച്ച് 31-ാം തീയതി വരെ സംസ്ഥാനത്ത് 1,22,96,567 വാഹനങ്ങൾ നിരത്തിൽ ഓടുന്നു. |
| (ബി) എങ്കിൽ സംസ്ഥാനത്ത് ഓടുന്ന വാഹനങ്ങളിലെ കള്ള വാഹനങ്ങൾ കണ്ടെത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ച് വരുന്നു; വിശദാംശം നൽകാമോ; | (ബി) | പോലീസ്, വാഹന പരിശോധന നടത്തുമ്പോൾ തെറ്റായ രേഖകൾ ഉപയോഗിച്ച് വാഹനങ്ങൾ ഓടിക്കുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) വിവിധ പോലീസ് സ്റ്റേഷനുകളിൽ പിടിച്ചെടുത്ത കള്ള വാഹനങ്ങൾ തുരുമ്പിക്കാതെ ലേലം ചെയ്ത് സർക്കാർ ഖജനാവിൽ മുതൽ കൂട്ടാക്കാൻ നടപടികൾ സ്വീകരിക്കുമോ ? | (സി) | കേസിൽപ്പെട്ട് കോടതിയുടെ ഉത്തരവ് പ്രകാരം സ്റ്റേഷനിൽ സൂക്ഷിക്കുന്ന വാഹനങ്ങൾ ഒഴികെ മറ്റു വാഹനങ്ങൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കോടതി ഉത്തരവ് പ്രകാരം സൂക്ഷിക്കുന്ന വാഹനങ്ങളുടെ കാര്യത്തിൽ ബഹു.കോടതിയുടെ നിർദ്ദേശ പ്രകാരം നടപടി സ്വീകരിച്ചു വരുന്നു. |

1

സെക്ഷൻ ഓഫീസർ